വരുന്നതോടുകൂടി ആന്തരിക മൂല്യനിർണ്ണയത്തിന്റെ പ്രാധാന്യം വർദ്ധിക്കുകയാണ്. മറ്റ് രാജ്യങ്ങളിലെല്ലാം ഇപ്പോൾ ആന്തരിക മൂല്യനിർണ്ണയമാണ് അടിസ്ഥാന മൂല്യനിർണ്ണയം. അതാണ് യാഥാർത്ഥ്യം.

<u>ശ്രീ. എം. എ. വാഹീദ്:</u> മറ്റ് രാജ്യങ്ങളിൽ ചെയ്യുമ്പോലെയല്ല നമ്മുടെ സംസ്ഥാനത്ത് ചെയ്യുന്നത്. വളരെ വ്യത്യസ്തമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ സമരപരിപാടിയിലാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പാർട്ടിയുടെ വിദ്യാർത്ഥി വിഭാഗമായ എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ നിരന്തരം സമരത്തിലാണ്. എന്റെ ചോദ്യം, ബഹുമാനപ്പെട്ട ചെയർ പറഞ്ഞ ചോദ്യം പോലെ തന്നെയാണ്. ഇതിന്റെ ശതമാനം ഒന്ന് കുറയ്ക്കാൻ പറ്റുമോ? 90 ശതമാനത്തോളം ഇന്റേണൽ അസസ്സ്മെന്റ് ഉണ്ടാക്കി കുട്ടികളെ കഴുത്ത് ഞെരിക്കുന്നതിനേക്കാൾ അതിന്റെ ശതമാനം ഒന്ന് കുറച്ച് അങ്ങനെയെങ്കിലും വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും രക്ഷിക്കാൻ രക്ഷകനായ അങ്ങ് ഈ ആന്തരിക മൂല്യനിർണ്ണയത്തിൽ കടന്നുകയറുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. എം. എ. ബേബി:</u> ഇപ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഘടനയിൽ നിന്നുകൊണ്ട് ഇൻഡ്യയിലെ ഏറ്റവും പ്രശസ്തനായ ഈ രംഗത്തെ ഒരു വിദഗ്ദ്ധൻ ഡോ. ജേക്കബ് താരു, അദ്ദേഹം ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ പരീക്ഷാ പരിഷ്ക്കരണത്തിന് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഈ വിഷയങ്ങളെല്ലാം പരിഗണിക്കുന്നുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങളെല്ലാം ഒന്നുകൂടി പരിശോധിക്കാം.

(2) മദ്യത്തിന്റെ അമിത ഉപഭോഗം തടയാൻ നടപടി

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കേരളത്തിന്റെ സാംസ്കാരിക സാമൂഹ്യ മണ്ഡലത്തിൽ വ്യാപിച്ചുവരുന്ന ഒരു വലിയ വിപത്ത് നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ മദ്യപാനാസക്തി വർദ്ധിച്ചുവരുന്നതായിട്ടാണ് റിപ്പോർട്ടുകളെല്ലാം സൂചിപ്പിക്കുന്നത്. കേരള സമൂഹത്തിൽ 15 വയസ്സിനും 49 വയസ്സിനുമിടയിലുള്ള ആളുകളുടെ സർവ്വേ നടത്തിയപ്പോൾ 45.2 ശതമാനം പേരും കടുത്ത മദ്യപാനം ഉള്ളവരാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നുവെന്നാണ് പറയുന്നത്. ഈ പുതുവർഷത്തിൽ കഴിഞ്ഞ ഡിസംബർ 31-ന് 32.86 കോടി രൂപയുടെ മദ്യമാണ് ചെലവായത് എന്ന് പറയുന്നു. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ് ഇതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കുന്നതിനുപുറമേ അതിന്റെ ഇരട്ടിയിലധികം മറ്റ് രീതിയിലും കേരളത്തിൽ മദ്യം വിറ്റഴിക്കുന്നുവെന്നാണ് സൂചന. ബിവറേജസ് കോർപ്പറേഷൻ വഴിതന്നെ നാലായിരം കോടി രൂപയുടെ മദ്യം ചെലവായെന്ന് പറയുന്നു. അതിനുപുറമേ പട്ടാള കാന്റീനിൽനിന്ന് വരുന്ന മദ്യമുണ്ട്. അതുപോലെ കള്ള്, വ്യാജ വാറ്റ് വഴിയുള്ള മദ്യം, വിദേശ ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിത മദ്യമെന്ന പേരിൽ വ്യാജമായി ഇറങ്ങുന്ന മദ്യമെല്ലാം ചേർന്ന് വലിയ അളവിൽ മദ്യം ചെലവാകുന്നു. 20 വർഷം മുൻപ് കേരളത്തിൽ 300-ൽ ഒരാളായിരുന്നു മദ്യപാനിയെങ്കിൽ ഇപ്പോൾ ഇരുപതിലൊരാൾ മദ്യം ഉപയോഗിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സുഖദുഃഖങ്ങൾ പങ്കിടുന്ന എല്ലാ വേളകളിലും മലയാളി മദ്യമുപയോഗിക്കുകയാണ്. അതിന്റെ ഭാഗമായി ഒരുപാട് വിപത്തുകളുണ്ടാകുന്നു. കല്യാണവീടുകളിൽ തലേദിവസം ആളുകൾ മദ്യമുപയോഗിക്കുന്നതിന്റെ ഭാഗമായി പലയിടത്തും വലിയ ലഹളകൾ ഉണ്ടായിട്ടുണ്ട്. എന്റെ നാട്ടിൽ ഒരുമാസം മുൻപ് ഇത്തരത്തിലുള്ള ലഹള ശമിപ്പിക്കുന്നതിന് ഇടപെട്ട ഒരു കാരണവർ അവിടെ വച്ചുതന്നെ കുഴഞ്ഞുവീണ് മരിക്കുകയുണ്ടായി. അതുപോലെ വിവാഹ നാശിംഗ് ഉണ്ടാകുന്നു. മദ്യപിച്ച് വണ്ടിയോടിക്കുന്നതിന്റെ ഭാഗമായി വാഹനാപകടങ്ങൾ കേരളത്തിൽ പെരുകുന്നു. കേരളത്തിലുണ്ടാകുന്ന വാഹനാപകടങ്ങളിൽ 60 ശതമാനവും മദ്യപിച്ച് വണ്ടിയോടിക്കുന്നതുകൊണ്ടാണ് എന്നുപറയുന്നു. കേരളത്തിൽ ഇന്ന് കുടുംബഛിദ്രങ്ങൾ കൂടി വരുന്നുവെന്നാണ് പറയുന്നത്. അതിൽ മിക്കവാറും ഗാർഹിക പീഡനങ്ങളാണ്. 60 ശതമാനത്തോളം വീടുകളിൽ ഈ പീഡനം ഉണ്ടെന്നുള്ളത് രേഖകളാണ്. ഇത്രയും പരിഷ്കൃത കേരളത്തിൽ ഗാർഹിക പീഡനം വർദ്ധിച്ചു വരുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണം കടുത്ത മദ്യപാനമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇത് അടിയന്തരമായി നിയന്ത്രിച്ചില്ലെങ്കിൽ കേരളീയ സമൂഹം നേടിയെടുത്തിട്ടുള്ള നവോത്ഥാനപരമായ ആശയങ്ങൾക്ക് യാതൊരു പ്രസക്തിയുമുണ്ടാകില്ല. കൊലപാതകങ്ങളുടെ പിന്നാമ്പുറത്തും പെൺവാണിഭത്തിന്റെ പിന്നാമ്പുറത്തുമെല്ലാം മദ്യസൽക്കാരവും മദ്യപാനവുമുണ്ട്. ഇതിൽ ഗവൺമെന്റ് തന്നെ മുൻകൈ എടുത്തുകൊണ്ടും മന്ത്രിമാരെയൊക്കെ പങ്കെടുപ്പിച്ചുകൊണ്ടും പല ശിൽപ്പശാലകളും കേരളത്തിൽ നടന്നിട്ടുണ്ട്. അതിന്റെ ഭാഗമായി നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. സംസ്ഥാനതല ലഹരി വിരുദ്ധ ശിൽപ്പശാല മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങളുണ്ട്. ശിൽപ്പശാല ചൂണ്ടിക്കാണിച്ചത് മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയവയുടെ ഉപഭോഗം കൂടുന്നുണ്ട് എന്നാണ്. അതിനെ നിയന്ത്രിക്കുന്നതിനുവേണ്ടി കർശനമായ നടപടികൾ നമ്മൾ സ്വീകരിച്ച മതിയാകൂ. മദ്യം ഉപയോഗിക്കുന്ന പ്രായപരിധി കുറഞ്ഞുവരികയാണ്. പത്തുപതിനഞ്ച് വർഷം മുൻപ് 28 വയസ്സിലൊക്കെയാണ് മദ്യം ഉപയോഗിക്കാൻ തുടങ്ങിയതെങ്കിൽ ഇപ്പോൾ 13 വയസ്സുമുതൽ കേരളത്തിലെ കുട്ടികൾ മദ്യമുപയോഗിച്ചുവരുന്നു. സ്കൂളുകളിലും കോളേജുകളിലും മദ്യപാനശീലം വല്ലാത്ത അളവിൽ കൂടിവരുന്നുവെന്നാണ് പറയുന്നത്. സ്ത്രീകളുടെ ഇടയിലും കേരളത്തിൽ മദ്യപാന ശീലം വർദ്ധിച്ചുവരുന്നതായി പറയുന്നു. പ്രതിവർഷം മദ്യ ഉപഭോഗവും കുറ്റകൃത്യങ്ങളുമെല്ലാം കുറയ്ക്കുന്നതിന് ഏറ്റവും പ്രധാനമായിട്ടുള്ളത് മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരിക എന്നുള്ളതാണ്. മദ്യനിരോധനം ഫലപ്രദമല്ല എന്ന് 1987-ൽ നിശ്ചയിച്ച ഉദയരാനു കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മദ്യവർജ്ജനം സാധ്യമാകണമെങ്കിൽ, അമിത മദ്യാസക്തിയിൽനിന്നും കേരളത്തെ രക്ഷിക്കണമെങ്കിൽ പ്രതിവർഷ മദ്യ ഉപഭോഗം കുറയ്ക്കാനുള്ള കർശന നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. അതിന് മദ്യത്തിന്റെ ലഭ്യതകുറച്ചുകൊണ്ടുവരികയെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. മൂലവെട്ടി, മിശിഹാ എന്നൊക്കെയുള്ള പേരു പറഞ്ഞ് പായ്ക്കറ്റുകളിലായി വ്യാജമദ്യം വരികയാണ്. എന്റെ നിയോജകമണ്ഡലം കർണ്ണാടക സംസ്ഥാനത്തിന്റെ അതിർത്തിയിലായതുകൊണ്ട് കർണ്ണാടകത്തിൽ നിന്നുള്ള മദ്യവും കേരളത്തിലേക്ക് ഒഴുകുന്നുണ്ട്. ഇതെല്ലാം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങൾ കർശനമായി പാലിക്കുക എന്നുള്ളതാണ് പ്രധാനമായി പറയാനുള്ളത്. എൻ.ഡി.പി.എസ്. ആക്റ്റും അബ്കാരി നിയമങ്ങളും കർശനമായി നടപ്പിലാക്കണം. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കുറച്ചുകൂടി ശക്തമാക്കണം. കഴിഞ്ഞ ഒരു ശിൽപ്പശാലയിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പരിശ്രമിക്കണം എന്നുപറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചൂണ്ടിക്കാണിച്ച ഒരു വിഷയമുണ്ടായിരുന്നു. എക്സൈസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെപ്പോലും സ്വാധീനിക്കാൻ വ്യാജമദ്യ ഏജൻസികളും ലോബികളുമെല്ലാം ശ്രമിക്കുവെന്നാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. അതെല്ലാം നിയന്ത്രിക്കേണ്ടതായിട്ടുണ്ട്. നാർക്കോട്ടിക് സെല്ലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമാക്കണം. ആരാധനാലയങ്ങളുടെയും സ്കൂളുകളുടെയുമെല്ലാം പരിസരത്ത് മദ്യശാലകൾ തുറക്കുന്നതിനെതിരെ കർശനമായ നടപടി സ്വീകരിക്കണം. പൊതുസ്ഥലത്ത് മദ്യപിച്ച് പ്രത്യക്ഷപ്പെടുന്നവർക്ക് ഇപ്പോൾ 5000 രൂപ പിഴ അടച്ചാൽ മതി. 5000 രൂപ കൊടുക്കാൻ കഴിയുന്നവരാണ് പൊതുസ്ഥലത്ത് കാറുകൾ നിർത്തി മദ്യപിക്കുന്നത്. ഒരു മറയുമില്ലാതെ ട്രെയിനിനകത്ത് പോലും മദ്യപാനമാണ്. സ്ത്രീകൾക്ക് തന്നെ യാത്ര ചെയ്യാൻ കഴിയാത്ത അവസ്ഥയിലേക്ക് വരികയാണ്. പൊതുസ്ഥലത്ത് മദ്യപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കണം. ശിക്ഷ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ആയുർവ്വേദ ഔഷധങ്ങളിൽ ലഹരിയുടെ അളവ് വർദ്ധിപ്പിക്കുന്നുണ്ട് അത് തടയാൻ വേണ്ടിയുള്ള കർശനമായ നിയമം കൊണ്ടുവരണം. പുകയില ഉത്പന്നങ്ങൾ, പാൻ മസാലകൾ, മധു, പരാഗ് എന്നു പറയുന്ന സാധനങ്ങൾ കർശനമായി നിരോധിക്കാനുള്ള നടപടി സ്വീകരിക്കുകയും അഡിക്ഷന് എതിരായിട്ടുള്ള ചികിത്സ കൊടുക്കാനുള്ള കേന്ദ്രങ്ങളുണ്ടാകുകയും വേണം. കർശനമായ നിയമനടപടികളിലൂടെയും ബോധവത്കരണ ക്യാമ്പുകളിലൂടെയും മദ്യത്തിന്റെ ലഭ്യത കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, സമൂഹത്തെ ബാധിച്ച ഏറ്റവും വലിയ വിപത്തിലേക്കാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. പൊതുജനങ്ങളിൽ മദ്യാപാനാസക്തി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള യാതൊരു വിധ നടപടിയും സർക്കാർ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. മദ്യപാനം ശീലമാക്കിയ വിഭാഗത്തെ മദ്യാസക്തിയിൽനിന്നും പിൻതിരിപ്പിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ശക്തമായ നിയമനടപടികളിലൂടെയും

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയും വ്യാജ മദ്യത്തിന്റെ ഉത്പാദനവും വിപണനവും മറ്റ് അനധികൃത മദ്യ വിൽപ്പനയും ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. മദ്യപാനശീലം നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ ആരോഗ്യം തകരാത്ത വിധം ഒരാൾക്ക് കൈവശം സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തിയും മദ്യ ദുരന്തങ്ങൾക്ക് ഇടവരുത്താതെയും നിയമവിധേയമായി മാത്രം മദ്യം നൽകേണ്ടത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സർക്കാരിന്റെ ചുമതലയാണ്. മദ്യാസക്തി വർദ്ധിക്കുന്നത് വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും വിപത്തുകൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. വ്യാജമദ്യത്തിന്റെ ഉറവിടം കണ്ടെത്തി അത് ഇല്ലാതാക്കാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനമാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. വകുപ്പിന്റെ ജില്ലാഭരണ സംവിധാനം പുനഃസംഘടിപ്പിക്കുകയും എൻഫോഴ്സ്മെന്റിനുമാത്രമായി എ.ഇ.സി. മാരെ എല്ലാ ജില്ലകളിലും നിയമിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് സ്പെഷ്യൽ സ്കാഡ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ റവന്യൂ-പോലീസ്-എക്സൈസ്-വനം വകുപ്പുകളുടെ ഏകോപിച്ചുള്ള വാഹന പരിശോധനയും മറ്റ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. മദ്യാപാനാസക്തി ക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. മദ്യപാനത്തെ ഉദാത്തവത്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽനിന്നും മുഴുവൻ കേരള ജനതയേയും വിമുക്തമാക്കുക എന്നതാണ് ഇത്തരം ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. അതല്ലാതെ മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാന ശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ മദ്യലഹരി വസ്തുക്കളുടെ ദൃഷ്യവശങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ബോധവത്കരണം നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിലേക്കായി സംവാദങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, റാലികൾ തെരുവ് നാടകാവതരണം എന്നിവ വിവിധ ജില്ലകളിൽ നടത്തി വരുന്നുണ്ട്. മദ്യലഹരി വിരുദ്ധ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന് ദുരന്തലഹരി എന്ന പേരിൽ ഹ്രസ്വചിത്രം നിർമ്മിക്കുകയും ദൂരദർശൻ മലയാളം, ദൂരദർശൻ കേരളം എന്നീ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. ബോധവൽക്കരണത്തിന്റെ ഭാഗമായി ശ്രീ. ഗോപിനാഥ് മുതുകാടിന്റെ Stop sad എന്ന ഇന്ദ്രജാല വിദ്യ എല്ലാ ജില്ലകളിലും അവതരിപ്പിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന പരിപാടികളിലൂടെ ഈ ബോധവൽക്കരണം സജീവമാക്കി ജനങ്ങളെ മദ്യവർജ്ജനത്തിലേക്ക് എത്തിക്കുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഒരു ഭാഗത്ത് ഈ ബോധവൽക്കരണം സർക്കാർ നടത്തുമ്പോൾ മറു ഭാഗത്ത് സിനിമകളിലൂടെയും സീരിയലുകളിലൂടെയും അതുപോലുള്ള പരസ്യങ്ങളിലൂടെയുമെല്ലാം മദ്യത്തെ ഗ്ലോറിഫൈ ചെയ്യുന്ന ധാരാളം പരസ്യങ്ങൾ വരികയാണ്. എല്ലാ സീരിയലുകളിലും സിനിമകളിലും അത്തരത്തിലുള്ള പരസ്യങ്ങൾ യുവതലമുറയെ മദ്യപിക്കുന്നതിന് പ്രേരിപ്പിക്കുന്ന രീതിയിലാണ് വരുന്നത്. അതുപോലെ ബഹുമാനപ്പെട്ട ജനപ്രതിനിധികളടക്കമുള്ള ആളുകൾ മദ്യത്തിന്റെ പരസ്യത്തിൽ പ്രത്യക്ഷപ്പെടുകയാണ്. ഇതിനെ നിയന്ത്രിക്കുന്നതിനുവേണ്ടി സെൻസർ ബോർഡുമായി ബന്ധപ്പെട്ട് ഇത്തരം പരസ്യങ്ങൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എളമരം കരീം: സർ, ഇക്കാര്യം ഗൗരവമായി പരിശോധിക്കാം.

II. മേശപ്പുറത്തുവച്ച കടലാസുകൾ

I. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ (NUALS) 2009-10-ലെ വാർഷിക റിപ്പോർട്ട്.

II. പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ട്.

III. ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിന്റെ 1997-1998-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റുമെന്റ് സഹിതം.

IV. നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-2010-ലെ കണക്കുകളിന്മേലുള്ള സി. & എ.ജി-യുടെ ഓഡിറ്റ് റിപ്പോർട്ട്.

V. നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2008-09-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly